# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5944   04.07.2019 ൽ മറുപടിക്ക്**

**നെന്മാറ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ബാബു** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) നെന്മാറ നിയോജകമണ്ഡലത്തിൽ 2018-19, 2019-20 കാലയളവിൽ ഏതെല്ലാം പുതിയ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | എ) നെന്മാറ നിയോജകമണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിനു കീഴിൽ 2018-19 കാലയളവിൽ കണ്ടറ പാലം നിർമ്മാണത്തിന് 1.5കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-2020 കാലയളവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികൾ ഇല്ല. പാലം പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും. |
| ബി) ഭരണാനുമതി ലഭിച്ചിട്ടുള്ള എത്ര പദ്ധതികളിലാണ് ടെണ്ടർ നടപടി പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ; | കെട്ടിടം, നിരത്തു വിഭാഗങ്ങളുടെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| സി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ

[illegible]

കെട്ടിട വിഭാഗം

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ശീർഷകം | ഭരണാനുമതി നമ്പറും തുകയും | പ്രവർത്തിയുടെ പുരോഗതി |
|---|---|---|---|---|
| 1 | ചാത്തമംഗലം ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണം | 4059-60-051-72-16 | ആർ.ഡി.5/എ.ഡി. എസ്./3546/2017 തീയതി: 08.01.2019 രൂപ 40 ലക്ഷം. | ഗ്രൗണ്ട് ഫ്ളോർ കോളം പണി പൂർത്തീകരിച്ചു. |
| 2 | കൊടുവായൂർ ബി.എഡ്. സെന്ററിന്റെ കെട്ടിട നിർമ്മാണ പ്രവർത്തി | 4059-60-051-72-16 | ആർ.ഡി.5/എ.ഡി. എസ്./3053/2017 തീയതി: 04.06.2018 രൂപ 45 ലക്ഷം. | സ്ലാബ് വർക്കുകൾ നടന്നുകൊണ്ടിരിക്കുന്നു. |
| 3 | കൊടുവായൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം. | 4202-01-202-93(P) | GO(Rt.) No. 2975/18/Gen. Edn. Dated: 03.08.2018 രൂപ 3 കോടി. | ലൊക്കേഷൻ സ്ഥിരീകരിച്ചിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള ഉത്തരവ് ലഭ്യമായിട്ടില്ല. |

നിരത്ത് വിഭാഗം

## ബഡ്ജറ്റ് പ്രവൃത്തികൾ

എ) 2018-19 കാലയളവിൽ ബഡ്ജറ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി നെന്മാറ നിയോജകമണ്ഡലത്തിൽ താഴെ പ്രവൃത്തികളായ

1. വടക്കഞ്ചേരി പൊള്ളാച്ചി റോഡ് കി. മി. 12/000 മുതൽ 25/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി [illegible] ലക്ഷം രൂപ
2. നെന്മാറ - നെല്ലിയാമ്പതി റോഡിലെ 5/000 മുതൽ 26/000 വരെയുള്ള വിവിധ ചെയിനേജുകളിലുള്ള സംരക്ഷണ ഭിത്തിയുടെ പ്രവൃത്തി 450 ലക്ഷം രൂപ എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

2019 20 ബഡ്ജറ്റിലെ 20% provision പ്രവൃത്തികളിൽ ഉൾപ്പെടുത്തി നെന്മാറ നിയോജകമണ്ഡലത്തിൽ നാല് പ്രവൃത്തികൾ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

1. മുതലമട - ചെമ്മണാംപതി റോഡ് കി. മീ. 9/900 മുതൽ 11/200 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 100 ലക്ഷം രൂപ
2. കൊല്ലങ്കോട് കുനിശ്ശേരി റോഡ് കി. മീ. 4/000 മുതൽ 10/390 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 400 ലക്ഷം രൂപ
3. മുതലമട റെയിൽവേ സ്റ്റേഷൻ റോഡ് കി. മീ. 2/000 മുതൽ 5/260 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 152 ലക്ഷം രൂപ
4. കൊടുവായൂർ - പല്ലാവൂർ - വിത്തനശ്ശേരി റോഡ് 5/000 മുതൽ 11/751 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 400 ലക്ഷം രൂപ

**FDR പ്രവൃത്തികൾ**

2018 19 കാലയളവിൽ എഫ്ഡിആർ പ്രവൃത്തികളിൽ ഉൾപ്പെടുത്തി നെന്മാറ നിയോജകമണ്ഡലത്തിൽ അഞ്ച് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

1. നെന്മാറ - നെല്ലിയാമ്പതി റോഡ് 0/000 മുതൽ 8/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 250 ലക്ഷം രൂപ
2. മുതലമട റെയിൽവേ സ്റ്റേഷൻ റോഡ് കി. മീ. 0/000 മുതൽ 2/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 150 ലക്ഷം രൂപ
3. കൊല്ലങ്കോട് - പയിലൂർ-ചനങ്ങാട്ടിരി - എലവഞ്ചേരി റോഡ് കി. മീ. 0/000 മുതൽ 2/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 100 ലക്ഷം രൂപ
4. പാലക്കാട് - തത്തമംഗലം - പൊള്ളാച്ചി റോഡ് കി. മീ. 9/746 മുതൽ 13/200 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 100 ലക്ഷം രൂപ
5. പറമ്പിക്കുളം - സേതുമട റോഡ് കി. മീ. 16/000 മുതൽ 19/000 വരെയും, കാരപ്പാറ റോഡ് വിവിധ ചെയനേജുകളിലെ സംരക്ഷണഭിത്തി, ഡിപ്, കൾവെർട്ട് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ 100 ലക്ഷം രൂപ

ബി) 2018 19 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വടക്കഞ്ചേരി പൊള്ളാച്ചി റോഡിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. 2018 19 ലെ FDR പ്രവൃത്തികളായ അഞ്ച് പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സി)

**2018 19 ബഡ്ജറ്റ് പ്രവൃത്തികൾ**

1. വടക്കഞ്ചേരി പൊള്ളാച്ചി റോഡ് കി. മീ. 12/000 മുതൽ 25/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്.
2. നെന്മാറ - നെല്ലിയാമ്പതി റോഡിലെ 8/000 മുതൽ 26/000 വരെയുള്ള വിവിധ ചെയിനേജുകളിലുള്ള സംരക്ഷണ ഭിത്തിയുടെ പ്രവൃത്തിക്കായി അനുവദിച്ച 450 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതിയ്ക്കായി സമർപ്പിച്ചിരുന്നുവെങ്കിലും താഴ്വരയിൽ നിന്നും ഏകദേശം 6 മീറ്റർ മുതൽ 12 മീറ്റർ വരെ ഉയരം വരുന്ന സംരക്ഷണഭിത്തികൾക്ക് ഡിസൈൻ ആവശ്യമായതിനാൽ ആയത് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി Re-Build Kerala initiative പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ മറ്റു മാനദണ്ഡങ്ങൾ ആയതിന്റെ DPR സമർപ്പിക്കുവാൻ L& T കമ്പനിയോട ആവശ്യപ്പെട്ടിട്ടുണ്ട്.

**FDR പ്രവൃത്തികൾ 2018 - 19**

1. നെന്മാറ - നെല്ലിയാമ്പതി റോഡ് 0/000 മുതൽ 4/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 250 ലക്ഷം രൂപ - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
2. മുതലമട റെയിൽവേ സ്റ്റേഷൻ റോഡ് കി. മീ. 0/000 മുതൽ 2/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 150 ലക്ഷം രൂപ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു
3. കൊല്ലങ്കോട് - പയിലൂർ-പനങ്ങാട്ടിരി - എലവഞ്ചേരി റോഡ് കി. മീ. 0/000 മുതൽ 2/000 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 100 ലക്ഷം രൂപ - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
4. പാലക്കാട് - തത്തമംഗലം - പൊള്ളാച്ചി റോഡ് കി. മീ. 9/746 മുതൽ 13/200 വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി 100 ലക്ഷം രൂപ - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.
5. പറമ്പിക്കുളം - സേതുമട റോഡ് കി. മീ. 16/000 മുതൽ 19/000 വരെയും, കാരപ്പാറ റോഡ് വിവിധ ചെയിനേജുകളിലെ സംരക്ഷണഭിത്തി, ഡിപ്, കൽവെർട്ട് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ 100 ലക്ഷം രൂപ - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു

2019 - 20 ബഡ്ജറ്റിലെ 20% **provision** പ്രവൃത്തികളിൽ ഉൾപ്പെടുത്തി നെന്മാറ നിയോജകമണ്ഡലത്തിൽ നാല് പ്രവൃത്തികൾ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

2018-19 ലെ SLTF പ്രവൃത്തികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.